(ഡി) വർഗ്ഗീയ ലഹളകൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ തുടങ്ങിയവ ഉണ്ടാകുന്നത് പെട്ടെന്ന് നിയന്ത്രണ വിധേയമാക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പോലീസ് വകുപ്പിന്റെ സമഗ്രവികസനത്തോടൊപ്പം സി. ബി. സി. ഐ. ഡി. യൂണിറ്റുകൂടി ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു. സി. ബി. സി. ഐ. ഡി. യൂണിറ്റിന് കെട്ടിടം നിർമ്മിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും പോലീസ് സേനയുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫോറൻസിക്ക് സയൻസ് ലബോറട്ടറിയിലേക്ക് ആറ്റോമിക് അബ്സോർപ്ഷൻ സ്പെട്രാമീറർ, ഹൈ പ്രിസിസൻ തിൻ ലെയർ ഗ്യാസ് ക്രോമാറ്റോഗ്രാഫ്, പോളിലൈറ്റ് ഉപകരണങ്ങൾ, എക്യുപ്മെന്റ് ഫോർ ഡോക്യുമെന്റ് എക്സാമിനേഷൻ, കമ്പാരിസൻ മൈക്രോസ്കോപ്പ് എന്നീ ആധുനിക ഉപകരണങ്ങളും ഫിങ്കർപ്രിന്റ് ബ്യൂറോയ്ക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും നടപടികൾ എടുത്തുവരുന്നു. ഇവ കൂടാതെ മോഡേൺ ഇൻവെസ്റ്റിഗേഷൻ കിറ്റ് ബാഗ്സ്, കമ്പ്യൂട്ട റൈസ്ഡ് പോളിഗ്രാഫ്, പോളി റേ എക്യുപ്മെന്റ് മുതലായ 8 കോടി രൂപയുടെ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഉദ്ദേശ്യമുണ്ട്.

(ഡി) വാട്ടർ കാനോൺ, പോളി കാർബണേറ്റ് റയറ്റ് ഷീൽഡ്, ഹെവി ഡ്യൂട്ടി ഹെൽമറ്റ് ഫോർ റയറ്റ് കൺട്രോൾ, നോർ ലിതർ വെബർ, കമ്മ്യൂണിക്കേഷൻസ് സേർച്ച് ലൈറ്റ് , നൈറ്റ് വിഷൻ ബൈനോക്കുലർ മുതലായവ വാങ്ങുന്നതിന് നടപടി എടുത്തു വരുന്നു.

വാഹനമോഷണം തടയാൻ നടപടി

47 [5190] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം മുതൽ കോഴിക്കോട് നഗരത്തിൽ എത്ര വാഹനമോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്;

(ഡി) അടുത്ത കാലത്ത് വാഹനമോഷണം വർദ്ധിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വാഹനമോഷണം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-1-2002 മുതൽ 25-7-2003 വരെ 235 വാഹനമോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2002-ൽ 141 കേസുകൾ. 2003-ൽ (25-7-2003 വരെ) 94 കേസുകൾ.

(സി) 69.

(ഡി) വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വാഹനമോഷണം തടയുന്നതിനായി രാത്രിയിലും പകലും ഹൈവേയിലും സിറ്റി അതിർത്തികളിലും വാഹന പരിശോധന നടത്തുകയും സ്ഥിരം കുറ്റവാളികളെ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

ഏറ്റുമാനൂരിലെ വിവിധ ഫൈനാൻസിയേഴ്സിനെതിരെയുള്ള കേസുകൾ

48 [5191] ശ്രീ. പി. ടി തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്ന സിറ്റി ഫൈനാൻസ്, ശ്രേയസ് ഫൈനാൻസ്, ആനന്ദ് ഫൈനാൻസ് എന്നീ സ്ഥാപനങ്ങളുടെ ഉടമകൾക്ക് എതിരെ എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആരാണ് ഓരോ ഫൈനാൻസിയേഴ്സിന്റെയും ഉടമസ്ഥർ എന്ന് വ്യക്തമാക്കുമോ;

(സി) കേസുകൾ ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഓരോ കേസിനും ആസ്പദമായ വസ്തുതകൾ വിശദീകരിക്കാമോ;

(ഇ) ഇത്തരം ഫൈനാൻസിയേഴ്സിന്റെ ഭീഷണി മൂലം ചിലർ നാടുവിട്ടുപോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുമോ;

(ജി) ഇത്തരം ഫൈനാൻസിയേഴ്സിന്റെ പണപ്പിരിവുകാരായും മറ്റും നിരവധി ആളുകളെ ചുമതലപ്പെടുത്തുകയും ഇവരിൽ പലരും വധഭീഷണി മുഴക്കി ജനജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) കേസുകൾ ഒന്നും നിലവിലില്ല.

(ബി) സിറ്റി ഫൈനാൻസ്—എൻ. ബി. സജിമോൻ, നടുവിലെപ്പറമ്പിൽ, ഏറ്റുമാനൂർ. ആനന്ദ് ഫൈനാൻസ്—ഷിനു മാത്യു, ഒറ്റപ്ലാക്കൽ, കുറുമുള്ളൂർ എന്നിവരാണ്.

(സി, ഡി) കേസുകൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly